(Pages : 4) **N – 3850**

Reg. No. : ..............................

Name : ...................................

# First Semester B.A. Degree Examination, June 2022

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course

## ML 1141 : നോവൽ, ചരിത്രവും, പാഠവും

## (2018 & 2019 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. പഞ്ചുമേനോൻ ഏതു നോവലിലെ കഥാപാത്രമാണ്?

2. എം. മുകുന്ദന്റെ 'നൃത്തം' എന്ന നോവലിന്റെ സവിശേഷതയെന്ത്?

3. സ്വർഗ്ഗദൂതൻ, ഏതു നോവൽവിഭാഗത്തിൽപ്പെടുന്നു?

4. 'എരി' എന്ന നോവൽ എഴുതിയതാര്?

5. 'നിരാനന്ദത്തിന്റെ ചിരി' എന്ന് ഖസാക്കിന്റെ ഇതിഹാസത്തെ വിശേഷിപ്പിച്ചതാര്?

6. ഇന്ദുലേഖയുടെ അനുകരണങ്ങളെ പരിഹസിച്ചുകൊണ്ട് എഴുതപ്പെട്ട നോവൽ ഏത്?

7. നെടുങ്ങാടി ബാങ്കിന്റെ സ്ഥാപകനായ എഴുത്തുകാരൻ.

P.T.O.

VTM NSS COLLEGE LIBRARY

8. 'ഒരു വഴിയും കുറെ നിഴലുകളും' എന്ന നോവൽ രചിച്ചതാര്?

9. സി.വി. രാമൻ പിള്ള എഴുതിയ സാമൂഹികനോവൽ ഏത്?

10. സർവ്വീസ് സ്റ്റോറി എന്ന ഗണത്തിൽപ്പെടുന്ന ഇ. വാസുവിന്റെ നോവൽ.

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിനുത്തരമെഴുതുക.

11. "അവനെ കാണുന്നവർക്ക് അവന്റെ സ്വാമിയുടെ യോഗ്യത അവനിൽ പ്രതിഫലിച്ചുകാണാം" - ആരെ? എന്തുകൊണ്ട്?

12. 'ചിറിച്ചു ചിറിച്ചു വായിപ്പാൻ വയ്യാതായി, കടലാസ് മേശമേൽ ഇട്ടു' - ആര്? സന്ദർഭമേത്?

13. "ഇപ്പോൾ ദുഃശകുനദോഷം തീർന്നല്ലോ" - ആരുടെ വാക്കുകൾ? വിവക്ഷിതമെന്ത്?

14. "കൊടുങ്കാറ്റുകളുടെ ദേവനായ എന്റെ പിതാവ് എന്നെ ഓർമ്മിക്കാറുണ്ടോ" - ആരുടെ സന്ദേഹമാണിത്?

15. 'കുന്ദൻ അസഹ്യമാംവിധം ഒറ്റപ്പെടുന്ന സന്ദർഭങ്ങളിലൊന്നാണിത്' - ഏത്?

16. കൃഷിയോടുള്ള മനോഭാവത്തിലെ മാറ്റത്തെ, കുഞ്ഞപ്പി നോക്കിക്കാണുന്നതെങ്ങനെ?

17. അങ്കൂസ് ട്രഷർബോക്സിന്റെ ഉള്ളടക്കമെന്ത്?

18. 'അങ്ങനെ ആറടിസ്ഥലംകൂടി കിട്ടാതെ ആ സേവനചരിത്രം അവസാനിച്ചു' - സൂചിതമെന്ത്?

19. കാവൊരു ഹ്യൂജ് കളറിംഗ് ബോക്സാണെന്നു ടിപ്പുവിന് തോന്നിയതെന്തുകൊണ്ട്?

20. നമ്മുടെ സംസ്കാരത്തിന്റെ പാപങ്ങളെ കൈക്കൊള്ളുവാൻ എവിടെയാണ് വാല്മീകിമാർ എന്ന് കുന്ദൻ ചോദിക്കുന്നതെന്തുകൊണ്ട്?

VTM NSS COLLEGE LIBRARY

21. മാനമ്പള്ളി അപ്ഫൻ നമ്പൂതിരിയുടെ മകളായ താൻ എന്തിനു ശൂദ്രച്ചിയായി? - തങ്കം ഇങ്ങനെ ചിന്തിച്ചതെന്തുകൊണ്ട്?

22. ഉമ്മിണിപ്പിള്ളയെ പകർത്തെഴുത്തുകാരന്റെ ജോലിയിൽ നിന്ന് രാജാവ് പിരിച്ചുവിട്ടതെന്തു കൊണ്ട്?

**(8 × 2 = 16 Marks)**

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. മലയാളത്തിലെ ബോധധാരാനോവൽശാഖയെ പരിചയപ്പെടുത്തുക.

24. കുന്ദലതയുടെ വിദ്യാഭ്യാസരീതിയെ വർണ്ണിക്കുന്നതിലൂടെ നോവലിസ്റ്റ് ലക്ഷ്യം വയ്ക്കുന്നതെന്ത്?

25. ശാമു മേനോനും കർപ്പൂരയ്യരും തമ്മിലുള്ള സംഭാഷണം ഇംഗ്ലീഷ് പഠിച്ച മലയാളികളുടേതു പോലെയെന്ന അഭിപ്രായത്തിനു കാരണമെന്ത്?

26. ബഷീർഭാഷയുടെ അനന്യത ബാല്യകാലസഖിയെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.

27. ആരും ദയ അർഹിക്കുന്നില്ല എന്നു ഭീമൻ തിരിച്ചറിയാൻ കാരണമെന്ത്?

28. സമകാലികരായ എഴുത്തുകാരുടേതിൽനിന്നും ഭിന്നമാണ് ആനന്ദിന്റെ നോവലുകളിലെ ഭൂമിശാസ്ത്രം - സമർത്ഥിക്കുക.

29. ആത്മപ്രതിരോധത്തിന്റെ വേലികൾ ഫാത്തിമ കെട്ടിയുയർത്തിയതെങ്ങനെ?

30. കോരൻ ധിക്കാരിയായി മാറുന്നതെപ്പോൾ?

31. തകഴിയുടെ ആഖ്യാനകലയുടെ സവിശേഷതകളെന്തെല്ലാം?

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. കേരളത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ പരിണാമത്തിന്റെ ചരിത്രം തന്നെയാണ് മലയാളനോവലിന്റെ ചരിത്രവും - വിലയിരുത്തുക.

33. ശിക്ഷ എന്ന ആശയം ലഹരിപോലെ ആവേശിച്ച സമൂഹത്തെക്കുറിച്ചാണ് മരുഭൂമികളിൽ ആനന്ദ് എഴുതിയത് - ചർച്ച ചെയ്യുക.



VTM NSS COLLEGE LIBRARY

34. 'ഹരിതരാഷ്ട്രീയത്തിന്റെ പ്രകടധ്വനികൾകൊണ്ടു സമൃദ്ധമാണ് സോണിയ റഫീക്കിന്റെ ഹെർബേറിയം' - പരിശോധിക്കുക.

35. വർഗ്ഗബോധത്തെയും പുതിയ വ്യവസ്ഥിതിയെയും കുറിച്ചുള്ള സ്വപ്നമാണ് രണ്ടിടങ്ങഴി മുന്നോട്ടു വച്ചത് - വിശദമാക്കുക.

**(2 × 15 = 30 Marks)**

VTM NSS COLLEGE LIBRARY